اسْتِكْبَارًا فِي الْأَرْضِ وَمَكْرَ السَّيِّئِ ۚ وَلَا يَحِيقُ الْمَكْرُ السَّيِّئُ إِلَّا بِأَهْلِهِ ۚ فَهَلْ يَنْظُرُونَ إِلَّا سُنَّتَ الْأَوَّلِينَ ۚ فَلَنْ تَجِدَ لِسُنَّتِ اللَّهِ تَبْدِيلًا ۖ وَلَنْ تَجِدَ لِسُنَّتِ اللَّهِ تَحْوِيلًا ﴿٤٤﴾ أَوَلَمْ يَسِيرُوا فِي الْأَرْضِ فَيَنْظُرُوا كَيْفَ كَانَ عَاقِبَةُ الَّذِينَ مِنْ قَبْلِهِمْ وَكَانُوا أَشَدَّ مِنْهُمْ قُوَّةً ۚ وَمَا كَانَ اللَّهُ لِيُعْجِزَهُ مِنْ شَيْءٍ فِي السَّمَاوَاتِ وَلَا فِي الْأَرْضِ ۚ إِنَّهُ كَانَ عَلِيمًا قَدِيرًا ﴿٤٥﴾ (35:44,45)

അർത്ഥം ഭൂമിയിൽ അഹംഭാവം നടിച്ചുകൊണ്ടും കുതന്ത്രം പ്രവർത്തിച്ചുകൊണ്ടും (അവർ വിദ്വേഷം പ്രകടിപ്പിച്ചു.) കുതന്ത്രം അതിന്റെ ആൾക്കാരെയല്ലാതെ വലയം ചെയ്യുകയില്ല. അപ്പോൾ പൂർവ്വികൻമാരിൽ നടന്ന നടപടിക്രമമല്ലാതെ മറ്റുവല്ലതും അവർ പ്രതീക്ഷിക്കുന്നുണ്ടോ? എന്നാൽ അല്ലാഹുവിന്റെ നടപടിക്രമത്തിൽ ഒരു മാറ്റവും നീ കണ്ടെത്തുകയില്ല. അല്ലാഹുവിന്റെ നടപടിക്രമത്തിന് ഒരു ഭേദഗതിയും നീ കണ്ടെത്തുകയില്ല. ഇവർ ഭൂമിയിൽ സഞ്ചരിച്ചിട്ടില്ലേ? (അങ്ങനെ ചെയ്തെങ്കിൽ) ഇവർക്ക് മുമ്പുള്ളവരുടെ പര്യവസാനം എങ്ങനെയായിരുന്നെന്ന് കാണാമായിരുന്നു. അവർ ഇവരെക്കാൾ കൂടുതൽ ശക്തരായിരുന്നുവല്ലോ, ആകാശങ്ങളിലോ ഭൂമിയിലോ ഉള്ള ഒരു വസ്തുവിനും അല്ലാഹുവിനെ പരാജയപ്പെടുത്താൻ സാധിക്കുകയില്ലതന്നെ. നിശ്ചയമായും അവൻ സർവ്വജ്ഞനും സർവ്വശക്തനുമാകുന്നു.

നാം അഹ്മദികൾ, ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ അല്ലാഹു തന്നെയാണ് അയച്ചിരിക്കുന്നതെന്നു ദൃഢമായും വിശ്വസിക്കുന്നവരാണ്. കാരണം അല്ലാഹുവിന്റെ സഹായം നാം എല്ലാ നിമിഷവും അദ്ദേഹത്തോടൊപ്പം കാണുന്നു. അല്ലാഹു അങ്ങയോട് ചെയ്ത വാഗ്ദാനങ്ങൾ പൂർത്തിയാകുന്നത് നാം കാണുന്നു. അല്ലാഹുവിന്റെ അദ്ദേഹത്തോടുള്ള ഈ പെരുമാറ്റം നമ്മുടെ ഈമാനെ കൂടുതൽ ദൃഢതരമാക്കിയിരിക്കുന്നു. എന്ന് മാത്രമല്ല അദ്ദേഹത്തിന്റെ വഫാത്തിന്ശേഷവും അദ്ദേഹം ജമാഅത്തിനെ അറിയിച്ച സംഗതികൾ പൂർത്തിയാകുന്നതായി നാം കാണുന്നു. തിരുനബി (സ) യോടുള്ള അനുരക്തി കാരണമായി നബി (സ) യുടെ പ്രവർത്തി മുമ്പോട്ട് കൊണ്ടുപോകുന്നതിനായി അല്ലാഹു അദ്ദേഹത്തെ നുബുവ്വത്ത് പദവിയിൽ അവരോധിതനാക്കി. എന്നാൽ ഈ നുബുവ്വത്ത് ശരീഅത്തിതര നുബുവ്വത്താകുന്നു. ഇത് തിരുദൂതരുടെ ഉമ്മത്തിയുടെ മിഅ്റാജ് ആകുന്നു. ഈ ഔന്നത്യം അല്ലാഹു തിരുദൂതർ (സ) ന് മാത്രമാണ് പ്രദാനം ചെയ്തിരിക്കുന്നത്. അഥവാ അദ്ദേഹത്തിന്റെ ഉമ്മത്തി, പരിപൂർണ്ണ വിധേയത്വവും, സമ്പൂർണ്ണ അനുസരണവും സർവ്വോപരി പ്രേമാധിരേകവും കാരണത്താൽ നുബുവ്വത്തിന്റെ സ്ഥാനം കരഗതമാക്കി. എന്നാൽ ദുഃഖകരമായ സംഗതി. നമ്മുടെ എതിരാളികളായിട്ടുള്ള മുസ്‌ലിംകൾ, മുസ്‌ലിം സംഘങ്ങൾ, ഉലമാക്കളുടെ തെറ്റിദ്ധാരണാജനകമായ വിശദീകരണം ശ്രവിച്ചുകൊണ്ട് എങ്ങിനെയെല്ലാം പ്രതികരിക്കുവാൻ സാധിക്കുന്നു, ശബ്ദമുയർത്തുക മാത്രമല്ല കഴിയുന്നത്ര വൈഷമ്യങ്ങൾ നൽകുവാനും ശ്രമിച്ചുകൊണ്ടിരിക്കുന്നു. ചില ഘട്ടങ്ങളിൽ ഈ എതിർപ്പിൽ അവർ അതിർവരമ്പുകൾ ലംഘിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ ജമാഅത്ത് പുരോഗതി പ്രാപിക്കുമ്പോൾ എതിരാളികൾ തങ്ങളുടെ ശക്തിയിൽ ഊറ്റം കൊണ്ട്, അതിൽ രമിച്ച് കൊണ്ട് സർവ്വവിധേനയും ഇതിനെതിരായി പ്രവർത്തിക്കുന്നു. ചില ഘട്ടങ്ങളിലാകട്ടെ, ബലഹീനവിശ്വാസികളെ, കുറഞ്ഞ ശിക്ഷണം പ്രാപിച്ചവരെ, പക്വത കുറഞ്ഞ ആളുകളെ, യുവത്വത്തിലേക്ക് കാലെടുത്ത് വെക്കുന്ന ആളുകളെ വളരെ തന്ത്രപൂർവ്വം തങ്ങളുടെ വലയിൽ അകപ്പെടുത്തുവാൻ ഇവർ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. അവരെ ഹഖിൽ നിന്നും അകറ്റുവാൻ ശ്രമിക്കുന്നു. അതിനാൽ ഒന്നാമതായി ഓരോ അഹ്മദിയും തങ്ങളുടെ ദീനീ വിജ്ഞാനത്തെ വിപുലപ്പെടുത്തുവാൻ പരിശ്രമിക്കേണ്ടതുണ്ട്. ഞാൻ എന്താണ്? ആരാണ്? എന്തിനാണ് എന്നെല്ലാം അറിയേണ്ടതുണ്ട്. അങ്ങിനെ മറഞ്ഞിരിക്കുന്ന ശത്രുക്കളെ പ്രതിരോധിക്കുവാൻ സാധിക്കും. രണ്ടാമത്തെ അവശ്യംവേണ്ടുന്ന സംഗതി, പരമപ്രധാനമായിട്ടുള്ളത് ഈമാനിക സംരക്ഷണത്തിനായി അല്ലാഹുവിനോട് ദുആ ചെയ്യുക എന്നതാണ്. അവന്റെ അനുഗ്രഹം ഇല്ലാതെ ഒന്നും തന്നെ സംഭവ്യമല്ല. ഈമാനികസംരക്ഷണത്തിനായി, സർവ്വവിധ വഴികേടുകളിൽ നിന്നും രക്ഷപ്പെടുവാനായി അല്ലാഹു നമ്മെ ഈ ദുആയും പഠിപ്പിച്ചിരിക്കുന്നു.

رَبَّنَا لَا تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ لَنَا مِنْ لَدُنْكَ رَحْمَةً ۚ إِنَّكَ أَنْتَ الْوَهَّابُ ﴿٩﴾

അർത്ഥം ഞങ്ങളുടെ നാഥാ നീ ഞങ്ങളെ നേർവഴിയിലാക്കിയതിനു ശേഷം ഞങ്ങളുടെ ഹൃദയത്തെ തെറ്റിച്ചുകളയരുതേ, നീ ഞങ്ങൾക്ക് നിന്റെയടുക്കൽ നിന്നുള്ള കാരുണ്യം പ്രദാനം ചെയ്യേണമേ. നിശ്ചയമായും നീതന്നെയാണ് ഏറ്റവും വലിയ അനുഗ്രഹദാതാവ്.

ചുരുക്കത്തിൽ ഈമാനിക സംരക്ഷണവും അല്ലാഹുവിന്റെ കാരുണ്യം മൂലം തന്നെയാണ് പ്രാപ്യമാകുക. അതിനാൽ വിനയാന്വിതനായ ദാസൻ എപ്പോഴും തന്നെ അവന്റെ സഹായത്തിനായി തേടിക്കൊണ്ടിരിക്കും. തേടിക്കൊണ്ടിരിക്കേണ്ടതുമാണ്. ചില ആളുകൾ ചിലപ്പോൾ എനിക്ക് കത്തെഴുതാറുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ നബിയെന്ന് പറഞ്ഞില്ല, ജനങ്ങളുടെ മുമ്പാകെ അത് പ്രഖ്യാപിച്ചില്ല എങ്കിൽ എന്ത് സംഭവിക്കാനാണ്? ഇത് പുതിയ ഒരു കാര്യമൊന്നുമല്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കാലം മുതൽ തന്നെ ഇത്തരത്തിലുള്ള കാര്യങ്ങൾ ഉന്നയിച്ചുപോന്നിട്ടുണ്ട്. അതായത് ഇത്തരത്തിൽ ഈ എതിർപ്പുകൾ കുറയാൻ കാരണമാകും. അതിനാൽ ഈ പദം ഉപയോഗിച്ചില്ലെങ്കിൽ എന്ത് പറ്റാനാണ്? ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു ഭാഗത്ത് ഇത് സംബന്ധമായി പറയുന്നു. ''ആകാശീയമായ സംഗതികൾ പറയുന്നതിൽ ഭയപ്പെടാൻ പാടുള്ളതല്ല.'' അതായത് അല്ലാഹുവിൽ നിന്നുള്ള കാര്യങ്ങൾ പറയാൻ ഭയക്കേണ്ട കാര്യമില്ല. ഏതെങ്കിലും രീതിയിൽ ഭയപ്പെടുക എന്നാൽ ഹഖിൽ നിലനിൽക്കുന്നവർക്ക് ഭൂഷണമല്ല. സഹാബിക

ളുടെ പ്രവർത്തനരീതിയിലേക്കൊന്ന് കണ്ണോടിക്കുക. അവർ രാജസദസ്സുകളിൽപോലും പോയ്ക്കൊണ്ട് തങ്ങളുടെ ആശയ പ്രഖ്യാപനം നടത്തി. ഹഖ് പ്രഘോഷിക്കുന്ന കാര്യത്തിൽ അവർ ഒരു വിധത്തിലുള്ള ചാഞ്ചല്യവും പ്രകടിപ്പിച്ചില്ല. അതിനാൽ തന്നെ لَا يَخَافُوْنَ لَوْمَةَ لَآئِمٍ എന്നതിന്റെ നേർസാക്ഷ്യമായിത്തീർന്നു. പറഞ്ഞു. “നമ്മുടെ വാദം നാം നബിയും റസൂലുമാണെന്നതാണ് മറ്റുള്ളവരെ അപേക്ഷിച്ച് അളവിലും ഗുണത്തിലും വളരെ ആധിക്യത്തോടുകൂടി അല്ലാഹുതആല ആരോടാണ് ഇങ്ങിനെയുള്ള ഭാഷണം ചെയ്യുന്നത് അതിൽ ആധിക്യത്തോടെ പ്രവചനവും അടങ്ങിയിരിക്കുന്നുവെങ്കിൽ അദ്ദേഹത്തെ നബി എന്ന് പറയുന്നു. ഈ നിർവ്വചനം നമ്മിൽ പൂർത്തിയാകുന്നു. ആയതിനാൽ നാം നബിയാകുന്നു. എന്നാൽ ഈ നുബുവ്വത്ത് അല്ലാഹുവിന്റെ ഗ്രന്ഥത്തെ കാലഹരണപ്പെടുത്തുന്നതോ, പുതുഗ്രന്ഥംകൊണ്ട് വരുന്നതോ ആയ തശ്രീനുബുവ്വത്തല്ല. ഇതിനെ നാം കുഫ്റായി ഗണിക്കുന്നു.” പറഞ്ഞു. “അപ്പോൾ ഇതിനെ നുബുവ്വത്തെന്ന് പറയാൻ കഴിയില്ലായെങ്കിൽ പിന്നെ ഇൽഹാമുകൾ ലഭിക്കുന്ന ഇതരരിൽ നിന്നും ഇവരെ വ്യതിരിക്തമാക്കുന്നതിന് എന്ത് പദമാണ് പ്രയോഗിക്കുക.”

ചുരുക്കത്തിൽ ഇൽഹാമുകൾ ഇതരർക്കും ഉണ്ടാകുന്നു. എന്നാൽ ആധിക്യത്തോടെയുള്ള ഇൽഹാമുകൾ, അല്ലാഹുവിന്റെ ഭാഷണം ഇതാണ് നുബുവ്വത്തിന്റെ സ്ഥാനം. ഈ നിർവ്വചനത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ നബിയാകുന്നു. അപ്പോൾ ഇത് മസീഹ് മൗഊദ് عليه السلام ന്റെ വളരെ തുറന്ന വ്യക്തമായ പ്രഖ്യാപനമാകുന്നു. ഇതാകട്ടെ നബിതിരുമേനി ﷺ യുടെ പ്രവചനത്തിന്റെയും അടിസ്ഥാനത്തിലാണ്. അതായത് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നബിയാകുന്നു. തിരുദൂതർ ﷺ അരുൾ ചെയ്തിരിന്നു എനിക്കും മസീഹ് മൗഊദിനുമിടയിൽ ഒരു നബിയുമില്ല എന്ന്. അപ്പോൾ മസീഹ് മൗഊദായി അംഗീകരിച്ചുവെങ്കിൽ നബിയായി അംഗീകരിക്കേണ്ടതും നിർബന്ധമാണ്. ഇനി എതിർപ്പുകളാണെങ്കിൽ അത് ഇലാഹീ ജമാഅത്തുകൾക്ക് നേരിടേണ്ടിവരുന്നു. ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യും. ഇത് തന്നെയാണ് ഇലാഹീജമാഅത്തുകളുടെ അടയാളവും. അവർ എതിർക്കപ്പെടുന്നു. വലിയവലിയ അതിക്രമകാരികളായ സംഘങ്ങൾ അവർക്കെതിരിൽ എഴുന്നേറ്റ് നിൽക്കുന്നു. എന്നാൽ അല്ലാഹുവിനാൽ സ്ഥാപിതമായ ജമാഅത്ത് പുരോഗതി ആർജിച്ചുകൊണ്ടിരിക്കുന്നു. അവസാനം ഈ എല്ലാ സംഘടിത ശക്തികളും ഇല്ലാതായിത്തീരുകയും തങ്ങളുടെ സ്വാഭാവിക പര്യവസാനത്തിൽ അവർ എത്തിച്ചേരുകയും ചെയ്യുന്നു. അല്ലാഹുവിന്റെ തഖ്ദീർ തന്നെയായിരിക്കും വിജയം വരിക്കുക. كَتَبَ اللّٰهُ لَاَغْلِبَنَّ اَنَا وَرُسُلِيْ ഞാനും എന്റെ പ്രവാചകൻമാരും വിജയംവരിക്കുക തന്നെ ചെയ്യുമെന്നുള്ളത് അല്ലാഹുവിന്റെ തീരുമാനമാണ്. കുതന്ത്രങ്ങൾ മെനയുന്ന അഹംഭാവികളായ എതിരാളികൾ അവരുടെ തന്നെ തന്ത്രങ്ങളിൽ പെട്ട്പോകും. ഈ സംഘ ബലവും ഭൗതികരായ യജമാനൻമാരുടെ മേൽക്കൂരകളും പ്രവാചകൻമാർക്കും അവരുടെ ജമാഅത്തുകൾക്കുമെതിരിൽ തങ്ങൾക്ക് വിജയം നൽകുവാൻ ഉപയുക്തമാകും എന്ന് കരുതുന്നത് അവരുടെ മൗഢ്യമാണ്. ആത്യന്തികവിജയം എപ്പോഴും തന്നെ ഇലാഹീ പ്രസ്ഥാനങ്ങൾക്കാണ് ഉണ്ടാവുക. ദുരുപധിഷ്ഠിതമായ ഗൂഢാലോചനകൾ ചെയ്യുന്നതിൽ എത്ര മികച്ചവരാണെങ്കിലും ശരി അവർക്ക് ദൈവിക തഖ്ദീറിനെ നേരിടാൻ സാധ്യമാവുകയില്ല. അല്ലാഹു മുഅ്മിനീങ്ങൾക്കും ഇത് പറഞ്ഞ് സാന്ത്വനം നൽകുന്നുണ്ട്. ഇത് അല്ലാഹുവിന്റെ സുനിശ്ചിതമായ തീരുമാനവും പ്രവർത്തിയുമാകുന്നു.

وَلَا يَحِيْقُ الْمَكْرُ السَّيِّئُ اِلَّا بِاَهْلِهٖ

കുതന്ത്രം അതിന്റെ ആൾക്കാരെയല്ലാതെ വലയം ചെയ്യുകയില്ല. അതായത് അവർതന്നെയാണ് അതിൽ അകപ്പെടുക.

തീർച്ചയായും അല്ലാഹുവിന്റെ മറ്റ് നിയമങ്ങൾക്ക് കീഴിൽ ഖുർബാനികളുടെ ഘട്ടവും ഉണ്ടാകാറുണ്ട്. എന്നാൽ ആത്യന്തിക വിജയം ദൈവദാസർക്ക് തന്നെയാണ് ഉണ്ടാകാറുള്ളത്. നബിക്കും അദ്ദേഹത്തിന്റെ അനുയായികൾക്കും തന്നെയാണ് ഉണ്ടാകാറുള്ളത്. അവരുടെ ശത്രുക്കൾ നിശ്ചയമായും ശിക്ഷക്ക് പാത്രീ ഭൂതരായിത്തീരുന്നു. ഇത് അല്ലാഹുവിന്റെ സുന്നത്താകുന്നു. അല്ലാഹുവിന്റെ സുന്നത്തിൽ ഒരു മാറ്റവും ഉണ്ടാകുന്നില്ല. ഈ മാറ്റപ്പെടാത്ത സുന്നത്ത് അഖിലവും ശത്രുക്കളുടെ മോശപര്യവസാനം കാണിച്ചു. ഇന്നും അത് പ്രകടമാക്കിക്കൊണ്ടിരിക്കുന്നു, എന്നല്ല ഇനിയും പ്രകടമാക്കിക്കൊണ്ടിരിക്കുന്നതാണ്. ഇതിന്റെ വലിയ മാതൃകകൾ അതിന്റെ സമയത്ത് അല്ലാഹു ഗോചരമാക്കുന്നതാണ്. ഞാനോതിയ ആയത്തിൽ അതിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. എന്നാൽ മുഅ്മിനീങ്ങൾക്ക് സാന്ത്വനമേകിക്കൊണ്ട്, ഈ അഹംഭാവികളുടെ കുതന്ത്രങ്ങളും അവരുടെ ഗൂഢാലോചനകളും എപ്രകാരമാണ് പരാജയപ്പെടുന്നതെന്ന ചെറിയ ചെറിയ ഉദാഹരണങ്ങളും അല്ലാഹു പ്രകടമാക്കുന്നു. കഴിഞ്ഞ ദിനങ്ങളിൽ ഇന്തോനേഷ്യയിൽ ഈ മുല്ലാക്കളും അവരുടെ ശിങ്കിടികളും ചെയ്ത മൃഗീയ പ്രവർത്തനത്തിന് ശേഷം മുല്ലാക്കൾക്ക് കൂടുതൽ പ്രചോദനം ലഭിച്ചു. ഇതരപ്രദേശത്തെ ഈ നാമമാത്ര മൗലവിമാരും നമ്മളെന്തിനാണ് പിന്നിലാവുന്നത് എന്ന് പറഞ്ഞ്കൊണ്ട് മാർച്ച് ഒന്നിന് ജക്കാർത്തയിൽ ഒരു വലിയ റാലി സംഘടിപ്പിക്കുന്നതാണെന്ന് പ്രഖ്യാപിച്ചു. ഇതിൽ ലക്ഷക്കണക്കിന് ആളുകൾ സന്നിഹിതരാകുന്നതാണ്. അങ്ങിനെ അവർ ഇതിന് വേണ്ടി വലിയ തയ്യാറെടുപ്പുകളാണ് നടത്തിയത്. ഇതിന്റെ പ്രധാനലക്ഷ്യമെന്നത് അഹ്മദികളെ പൂർണ്ണമായും നിരോധിക്കുക എന്ന ആവശ്യമായിരിക്കും അതിലുയർത്തപ്പെടുക. ഇവർ തങ്ങളെ മുസ്‌ലിംകൾ എന്ന് വിളിക്കപ്പെടണമെങ്കിൽ തങ്ങളോടൊപ്പംചേരുക ഭരണകൂടം ഈ ആവശ്യം അംഗീകരിക്കുന്നത്വരെ തങ്ങളുടെ പ്രക്ഷോഭം മുന്നോട്ട് കൊണ്ട് പോകുന്നതാണ്. അതല്ലെങ്കിൽ രാഷ്ട്രപതിയെ അദ്ദേഹത്തിന്റെ സ്ഥാനത്ത് നിന്ന് നീക്കം ചെയ്യുന്നതുവരെ ഇത് തുടരുന്നതാണ്. ഒരു വലിയ പ്ലാനാണ് തയ്യാറായിക്കൊണ്ടിരുന്നത്. ഇതിൽ ഇന്തോനേഷ്യൻ ജമാഅത്ത് ചിന്താകുലരായിരുന്നു. ഈ അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭത്തിന്റെ സൂചനകൾ മനസ്സിലാക്കിത്തന്നിരുന്നത് ഇത് ഒരു വലിയ പ്രശ്നം തന്നെയായിരിക്കും എന്നാണ്. എന്നാൽ അല്ലാഹു എന്താണ് സംവിധാനം ചെയ്തത്. വളരെ നിസ്സാരമായ യാതൊരു പരിഗണനാർഹം പോലുമല്ലാത്ത ഒരു ജാഥയാണ് നടന്നത്. അതാകട്ടെ അതിന്റെ നിർണ്ണിത സമയത്തേക്കാൾ മുമ്പ് തന്നെ അവസാനിക്കുകയാണുണ്ടായത്. ഇവരുടെ ഈ റാലിക്ക്, ഈ പ്ലാനിന് കുറച്ച് ദിവസം മുമ്പായി ഭരണകൂട പരിരക്ഷയുള്ള മൗലവിമാർ ഒരു ജൽസ നടത്താൻ തീരുമാനിച്ചു. അത് ഒരു വലിയ ജലസയായിരുന്നു. ഇതിൽ രാഷ്ട്രപതി സ്വയം സന്നിഹിതനായി. ഇത്തരത്തിൽ അല്ലാഹു ഇവരുടെ പദ്ധതികൾ പരാജയപ്പെടുത്തുന്നതിനുള്ള സംവിധാനമൊരുക്കി. യഥാർത്ഥത്തിൽ ഈ ഭരണകൂട മൗലവിമാരോ എതിരാളികളായ മൗലവിമാരോ ഇവരാരും തന്നെ നമ്മുടെ സ്വന്തക്കാരല്ല. എന്നാൽ അല്ലാഹു ചില സന്ദർഭത്തിൽ ചില കാര്യങ്ങൾ ഒരുക്കുന്നു. അത് മുഖേന അവരുടെ പദ്ധതികൾ പരാജയപ്പെടുന്നു. ചുരുക്കത്തിൽ ആദ്യം നടന്ന ഈ വലിയ ജലസ കാരണമായി ശേഷം നടക്കേണ്ടിയിരുന്ന തീവ്രവാദപരമായിരുന്ന ജലസ പരാജയപ്പെട്ടു. നാം ഇതിൽ ഭരണകൂടത്തിന് നന്ദിയുള്ളവരാണ്. കാരണം ഇതിന് ശേഷം ഒന്ന് രണ്ട് മന്ത്രിമാരെ ഒഴിച്ചുനിർത്തിയാൽ മറ്റുള്ള അംഗങ്ങളുടെ പെരുമാറ്റം ജമാഅത്തിനെ സംബന്ധിച്ച്

നന്നായിട്ടുണ്ട്.

ഇവിടെ ഞാനിതും പറയാൻ ആഗ്രഹിക്കുന്നു. ലാഹോർ ശഹാദത്തിന് ശേഷം ആഫ്രിക്കയിലും മറ്റും ജമാഅത്ത് സഹോദരങ്ങൾ കൂറും ആത്മാർത്ഥതയുടെയും ദൃശ്യങ്ങൾ പ്രകടമാക്കുകയുണ്ടായി. ചില ബൈഅത്തുകളും നടന്നു. ഇപ്രകാരം ഇന്തോനേഷ്യൻ ശഹാദത്തുകളും ജമാഅത്തിന്റെ പുരോഗതിക്കുള്ള മാർഗ്ഗം തുറന്ന് തരികയുണ്ടായി. സത്പ്രകൃതക്കാരായ ആളുകൾക്ക് സത്യം തിരിച്ചറിയാനുള്ള തൗഫീഖ് ലഭ്യമായി. ആഫ്രിക്കയിലെ ഒരു രാഷ്ട്രത്തിൽ നിന്നും ഒരു മുറബ്ബി സാഹിബ് എഴുതുന്നു.

“ഞാൻ ഇന്റർനെറ്റിൽ ഇന്തോനേഷ്യൻ സംഭവം കണ്ടു. വലിയ അസ്വസ്തതയാണ് അനുഭവപ്പെട്ടത്. വികാരഭരിതമായിരുന്നു. ഈ ദൃശ്യംകണ്ട് ഞാൻ കരഞ്ഞ്കൊണ്ടിരുന്നു. യാദൃശ്ചികവശാൽ അന്ന്തന്നെ സായാഹ്നത്തിൽ ആദരണീയരായ ചില വ്യക്തിത്വങ്ങളും അവരുടെ മൗലവിമാരുമായി ഒരു തബ്ലീഗ് ചർച്ചയുണ്ടായിരുന്നു. ഞാൻ ടി.വി.യിൽ ഈ നീചമായ പ്രവർത്തി റിക്കോർഡ് ചെയ്ത്വെച്ചിരുന്നത് അവരെ കാണിക്കുകയുണ്ടായി. അതിഥികളോട് പറഞ്ഞു. ആദ്യം നിങ്ങളിതൊന്ന് കാണുക. ശേഷം സംസാരം ആരംഭിക്കാം. കൂടെ അവർക്ക് പറഞ്ഞുകൊടുത്തു ഇതെല്ലാം അഹ്മദികളോടാണ് അനുവർത്തിച്ചുകൊണ്ടിരിക്കുന്നത്.” പറയുന്നു. “ഞാൻ റിക്കാർഡ് ചെയ്തിരുന്നത് കാണിക്കാൻ തുടങ്ങി ഒരു മിനിറ്റ് പോലുമായില്ല. ഒരു മാലം (ആഫ്രിക്കയിൽ ഉലമാക്കളെ, മാലം എന്ന് പറയുന്നു) എഴുന്നേറ്റ് ആഫ്രിക്കൻ രീതിയിൽ തലക്കടിച്ച് കരഞ്ഞ് വിലപിച്ചുകൊണ്ട് പറഞ്ഞു. ഈ ദ്രോഹവും അതിക്രമങ്ങളും ചെയ്യുന്നവരാണോ മുസ്ലിംകൾ. ഇതെല്ലാം തന്നെ തിരുനബിയുടെ പേരിലാണോ ചെയ്ത്കൂട്ടുന്നത്.” പറഞ്ഞു.“ഇങ്ങിനെയുള്ള മുസ്ലിംങ്ങളുടെ ഇസ്ലാമിനെതൊട്ട് ഞാൻ തൗബ ചെയ്യുന്നു. ഇന്ന്മുതൽ ഞാൻ അഹ്മദിയാണെന്ന് പ്രഖ്യാപിച്ചുകൊള്ളുന്നു. പെട്ടെന്ന് തന്നെ എന്റെ ബൈഅത്ത് വാങ്ങുക.”

മതപരമായ ചർച്ച പിന്നീട് നടക്കേണ്ടതുണ്ടായിരുന്നു. എന്നാൽ അതിന് മുമ്പായിതന്നെ എതിരാളികളുടെ ഈ പ്രവർത്തനം കാരണമായി ഒരു വലിയ ഇമാമിന് ബൈഅത്ത് ചെയ്യുവാനുള്ള തൗഫീഖ് ലഭ്യമാവുകയുണ്ടായി. എന്ന് മാത്രമല്ല അതിന് ശേഷം അദ്ദേഹം വാഗ്ദാനം ചെയ്തത് ഈ മൂന്ന് ശുഹദാക്കൾക്ക് പകരമായി 3 ഗ്രാമങ്ങൾ തന്നെ ഞാൻ അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാമിലേക്ക് കൊണ്ടുവരുന്നതാണ്. ഇൻശാ അല്ലാഹ്. ***അല്ലാഹു അദ്ദേഹത്തിന് തൗഫീഖ് നൽകുമാറാകട്ടെ.***

ശത്രുക്കൾ മറഞ്ഞിരുന്ന് പദ്ധതികൾ ആസുത്രണം ചെയ്യട്ടെ, സ്നേഹനിർഭരമായി പ്ലാൻ ചെയ്യട്ടെ, തുറന്ന രീതിയിൽ എതിർക്കട്ടെ. അങ്ങിനെ നബിയെ അനുധാവനം ചെയ്തിരിക്കുന്നവർ ഭയവിഹ്വലരായി പിന്നോട്ട് പോകുവാൻ. എന്നാൽ സുദൃഢ ഈമാനുള്ളവർ ഭയചകിതരാകുന്നത്പോകട്ടെ. ഇവരുടെ ഈ പ്രവർത്തികൾ സദ്പ്രകൃതക്കാരുടെ ഹൃദയങ്ങളെ പെട്ടെന്ന്തന്നെ തുറന്നുകൊണ്ട് അഹ്മദിയ്യത്തിനായി ഒരു ഒഴുക്ക്തന്നെ ഉണ്ടാക്കുന്നു. നമ്മുടെ മുബല്ലിഗീങ്ങൾക്ക് വർഷത്തിൽ ചെയ്യാൻ കഴിയാത്ത പ്രവർത്തി ശത്രുക്കളുടെ കുതന്ത്രങ്ങൾ കാരണമായി നിമിഷ നേരത്തിൽ സംജാതമാകുന്നു. അപ്പോൾ അല്ലാഹുവിന്റെ പ്രവർത്തനത്തെ ആർക്ക് തടയാൻ കഴിയും. എന്നാൽ അല്ലാഹു തന്റെസുന്നത്ത് മാറ്റി മറിക്കുന്നില്ല എന്ന് പറഞ്ഞത് ഈ അഹങ്കാരികൾക്ക് മനസ്സിലായില്ല. അല്ലാഹുവിന്റെ സുന്നത്ത് എന്നത് അവന്റെ തഖ്ദീർ വിജയം വരിക്കുക എന്നസുന്നത്താണ്. മറ്റൊന്ന് ഇത്തരം ദ്രോഹകാരികളെ നശിപ്പിക്കുന്ന സുന്നത്താണ്. അപ്പോൾ അല്ലാഹുവിന്റെ പക്കൽ നിന്നുള്ള വാണിങ്ങാണിത്. മുൻകഴിഞ്ഞ ആളുകൾ തങ്ങളുടെ കുചെയ്തികൾ കാരണമായി മോശപര്യവസാനത്തിൽ എത്തിയെങ്കിൽ ഇന്നും അതേ അല്ലാഹു തന്നെയാണുള്ളത്. അതേ ശക്തികളുടെ യജമാനനായ അല്ലാഹുവിന്റെ വാഗ്ദാനമാണ്. അല്ലാഹു പറയുന്നു. ഭൂമിയിൽ ചുറ്റി സഞ്ചരിച്ച് നോക്കുന്നില്ലേ.

وَلَمْ يَسِيْرُوْا فِى الْاَرْضِ فَيَنْظُرُوْا كَيْفَ كَانَ عَاقِبَةُ
الَّذِيْنَ مِنْ قَبْلِهِمْ وَكَانُوْٓا اَشَدَّ مِنْهُمْ قُوَّةً ؕ وَمَا كَانَ اللّٰهُ

എന്ത്കൊണ്ട് വിചിന്തനം ചെയ്യുന്നില്ല? സമൂഹങ്ങളുടെ ചരിത്രം, അവരുടെ നാശത്തിന്റെ ചരിത്രം എന്താണ് നിങ്ങളോട് പറയുന്നത്. ഇന്ന് ഭവനത്തിൽ ഇരുന്ന്കൊണ്ട് തന്നെ ടി.വി.യിലും മാസികകളിലും ഇത് കാണാൻ കഴിയുന്നു. എത്ര എത്ര സമൂഹങ്ങളാണ് വിവിധ ദുരന്തങ്ങളാൽ മറയടക്കെപ്പെട്ടത്. ഒന്നടങ്കം അവർ മണ്ണോട് ചേർന്നു. ഇക്കാലത്തും ഭൂകമ്പങ്ങൾ വരുമ്പോൾ പല പട്ടണങ്ങളും കീഴ്മേൽ മറിയുന്നത് നാം കാണുന്നു. പാഠം പഠിക്കുന്നവർക്ക് ഇതും മതിയായതാണ്. വിശുദ്ധ ഖുർആനിൽ ഈ വൃത്താന്തങ്ങൾ വിവരിച്ച്കൊണ്ട് ബുദ്ധി ഉപയോഗിക്കാൻ അല്ലാഹു മുസ്ലിംകൾക്ക് ആദ്യമേതന്നെ നിർദ്ദേശം നൽകുകയുണ്ടായി. കൂലങ്കഷമായി ചിന്തിക്കുക. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നിങ്ങളിൽ നിന്ന് വന്ന്പോകരുത്. അങ്ങിനെ മുൻകാല ചരിത്രങ്ങൾ നിങ്ങളിൽ ആവർത്തിക്കപ്പെടരുത്. എന്നാൽ കഷ്ടതരമെന്ന് പറയട്ടെ മുസ്ലിംകൾ ഈ മുന്നറിയിപ്പുണ്ടായിട്ടും പാഠം ഉൾകൊള്ളേണ്ടിയിരുന്ന ഈ മുന്നറിയിപ്പിനെ വിസ്മരിച്ചുകളയുന്നു. തങ്ങളുടെ ആസൂത്രണങ്ങളിൽ ഊറ്റം കൊള്ളുന്ന, ശക്തിയിൽ അഭിരമിക്കുന്ന എല്ലാ അഹംഭാവികളോടും അല്ലാഹു പറയുന്നു. നിങ്ങളുടെ ഈ അഹങ്കാരം നിങ്ങൾക്ക് യാതൊരു പ്രയോജനവും ചെയ്യുകയില്ല. وَكَانُوْٓا اَشَدَّ مِنْهُمْ قُوَّةً നിങ്ങളിൽ നിന്ന് മുൻകടന്ന് കഴിഞ്ഞവരും വലിയ ശക്തിശാലികളായിരുന്നു. ഒന്നാമതായി ഇന്നത്തെ നിങ്ങളുടെ ഭരണാധികാരത്തെക്കാൾ ശക്തിമത്തനായിരുന്നു. രണ്ട് ആ നബിമാർക്കെതിരിൽ അവർ തീർച്ചയായും വലിയ ശക്തി ദുർഗ്ഗങ്ങൾ തന്നെയായിരുന്നു. ഭൗതികദൃഷ്ടിയിൽ ആ നബിമാർക്ക് യാതൊരു വിലയുമുണ്ടായിരുന്നില്ല. എന്നാൽ അല്ലാഹുവിന്റെ ലാത്തി പ്രവർത്തിക്കുവാൻ തുടങ്ങിയപ്പോൾ, ആരെയെങ്കിലും നശിപ്പിക്കാനുള്ള അവന്റെ തീരുമാനം ഉണ്ടായപ്പോൾ അവരെല്ലാം നാശോൻമുഖരായി. അല്ലാഹു തന്റെ ഈ സുന്നത്തിനെ വിശുദ്ധ ഖുർആനിൽ സംരക്ഷിച്ചുകൊണ്ട് എല്ലാ കാലത്തെയും ഫിർഔൻമാരോടും അവരുടെ പരിവാരങ്ങളോടും പറയുന്നത്, ഒന്നാമതായി അല്ലാഹുവിന്റെ ഖുദ്റത്തിന്റെ മുമ്പാകെ നിങ്ങളുടെ ശക്തികൾക്ക് ഒരു വിലയുമില്ല. രണ്ടാമത് ദൈവദാസർക്കായി ദൈവിക സാന്ത്വനത്തിന്റെ വിളംബരവുമുണ്ട്. എല്ലാ ബലഹീനതയുമുണ്ടായിട്ടും ഇത് അവരെ ശക്തിശാലികളാക്കി മാറ്റുന്നു. കാരണം അല്ലാഹുവിന്റെ ശക്തി അവരുടെ പിന്നിൽ പ്രവർത്തിക്കുന്നു. അജയ്യദുർഗ്ഗങ്ങളായി ഗണിക്കപ്പെട്ടവർ ഒരു സമയം ആഗതമാകുമ്പോൾ. അവർ ആരായിരുന്നു. എങ്ങോട്ട് പോയ്മറഞ്ഞു എന്ന് ആരും തിരിച്ചറിയാത്ത രീതിയിൽ വിസ്മൃതിയിലാഴ്ത്തപ്പെടുന്നു. ചുരുക്കത്തിൽ ദൈവദാസരെ എതിർക്കുന്നവർ ചിന്തിക്കേണ്ടതാണ്. അല്ലാഹു അയച്ചിട്ടുള്ളവരെ എതിർക്കുക എന്നത് അല്ലാഹുവിനെ എതിർക്കുന്നതിന് സമമാണ് എന്ന വസ്തുത അവർ അറിഞ്ഞിരിക്കേണ്ടതാണ്. അവൻ അല്ലാഹുവാകട്ടെ.

وَمَا كَانَ اللّٰهُ لِيُعْجِزَهٗ مِنْ شَىْءٍ فِى السَّمٰوٰتِ وَلَا فِى الْاَرْضِ ؕ

അല്ലാഹുവിനെ പരാജയപ്പെടുത്തുന്ന ഒന്നുംതന്നെ ആകാശഭൂമികളിലില്ല. ഒരു വിഡ്ഢിയായ സമൂഹം ധരിക്കുന്നത്, അതല്ലെങ്കിൽ ചില രാഷ്ട്രങ്ങളിലെ ചില തദ്ദേശവാസികൾ കരുതുന്നത് തങ്ങൾ ശക്തിശാലികളാണ്. ഈ നിസ്സാരരായ, അംഗുലീപരിമിതമായ ആളുകളെ ഞങ്ങൾ

കീഴ്പ്പെടുത്തുന്നതാണ്. ഭൗതിക ദൃഷ്ടിയിൽ വീക്ഷിക്കുമ്പോൾ ഇത് വിഡ്ഢിത്തമൊന്നുമല്ല. തികച്ചും ശരിയായ വീക്ഷണംതന്നെയാണ്. കാരണം തന്ത്രശാലികളും കഴിവുള്ളവരും വിജയ സോപാനത്തിൽ എത്താറുണ്ട്. ഇന്നും നാം ലോകത്തേക്ക് ദൃഷ്ടി പായിക്കുമ്പോൾ ഇത്തരക്കാർ തന്നെയാണ് ഭരിച്ചുകൊണ്ടിരിക്കുന്നതായി കാണുന്നത്. ബാഹ്യമായി മുഅ്മിൻ എന്ന് പറയപ്പെടുന്നവർ ഇവർക്ക് അധീനമാക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഇവിടെ പരാമർശിക്കപ്പെടുന്നത് ഭൗതികരായ ആളുകളുടെ കിടമത്സരമല്ല. അഹ്മദിയ്യ ജമാഅത്തിന്, അത്പോലെ ഹദ്റത്ത് മസീഹ് മൗഊദ് (عليه السلام) ന് എതിരിൽ വരുമ്പോൾ ഈ ഏറ്റുമുട്ടൽ ദൈവദാസർക്കെതിരിൽ ഭൗതികരുടെ ഏറ്റുമുട്ടലായി മാറുന്നു. ഒരു ദൈവിക ജമാഅത്തിനെതിരിൽ ആയിത്തീരുന്നു. അപ്പോൾ ഇവിടെ ലോകനിയമമല്ല നടപ്പിൽ വരിക. ഇവിടെ വിജയിക്കുന്നത്, ആരോടൊപ്പമാണ് അല്ലാഹു എഴുന്നേറ്റുകൊണ്ട് ഈ വിളംബരം ചെയ്യുന്നത്. وَمَا كَانَ اللّٰهُ لِيُعْجِزَهُ അല്ലാഹു! അവനെ പരാജയപ്പെടുത്താൻ ആർക്കും കഴിയുകയില്ല. ഇന്ന് ഇക്കാലഘട്ടത്തിൽ നമ്മെ സംബന്ധിച്ചിടത്തോളമുള്ള സുവാർത്തയാണിത്. എന്നാൽ അതോടൊപ്പംതന്നെ ഒരു ഉത്തരവാദിത്തത്തിലേക്കും നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു.ആ ദൈവദാസനുമായി യഥാർത്ഥ ബന്ധം പുലർത്തിക്കൊണ്ട് അല്ലാഹുവുമായി ഒരു പ്രത്യേക ബന്ധം ഉണ്ടാക്കിയെടുക്കുക. അല്ലാഹുവിന്റെ സുന്നത്ത് പ്രത്യേക അടയാളങ്ങൾ പ്രദർശിപ്പിക്കുന്ന ആളുകളുടെ ഗണത്തിൽ ഉൾപ്പെടാൻ പരിശ്രമിക്കുക. തങ്ങളുടെ ദുആയും ആരാധനകളും പ്രവർത്തനങ്ങളും അല്ലാഹുവും അവന്റെ റസൂലും നിർദ്ദേശിക്കുന്നതിനനുസൃതമാക്കിത്തീർക്കുക. അതിനെ ഇക്കാലഘട്ടത്തിലെ മസീഹും മഹ്ദിയുമായ മഹാത്മാവ് നമ്മുടെ മുമ്പാകെ കൂടുതൽ വ്യക്തതയോടെ സമർപ്പിക്കുകയുണ്ടായി. നാം ഈ വസ്തുത ശരിയായ രീതിയിൽ കരഗതമാക്കിയിട്ടുണ്ടെങ്കിൽ, പാക്കിസ്ഥാനിലെ ശക്തികളാകട്ടെ, ഇന്തോനേഷ്യയിലെയോ, ബംഗ്ലാദേശിലേയോ, അറബ് നാടുകളിലേയോ മറ്റേതെങ്കിലും രാഷ്ട്രത്തിലേതാകട്ടെ ഇവരൊന്നും തന്നെ എല്ലാ ശക്തികളുടെയും കേന്ദ്രമായ അല്ലാഹുവിന്റെ അസ്ഥിത്വത്തിന് മുമ്പാകെ യാതൊരു വിലയുമില്ലാത്തവരാണ്. ദൈവദാസർ തന്നെയായിരിക്കും വിജയശ്രീലാളിതരാവുക എന്നത് എഴുതപ്പെട്ട സംഗതിയാണ്. ആരുടെ പിന്നിലാണ് അല്ലാഹുവിന്റെ സാന്ത്വനവും സഹായവുമുള്ളത് അവർ തന്നെയാണ് വിജയം വരിക്കുക. ഈ എതിരാളികൾ അല്ലാഹുവിന്റെ തഖ്ദീറിന്റെ സൂചനകൾ മനസ്സിലാക്കേണ്ടതാണ്. തങ്ങളുടെ പരിഷ്കരണത്തിനായി പരിശ്രമിക്കേണ്ടതാണ്. അല്ലാഹുവിന്റെ തഖ്ദീർ തീർച്ചയായും വിജയം വരിക്കുക തന്നെ ചെയ്യുന്നതാണ്. ആ സന്ദർഭത്തിൽ ഇന്ന കാരണമായിരുന്നു എന്നെല്ലാമുള്ള ഒരു ഒഴികഴിവും പ്രയോജനം ചെയ്യുന്നതല്ല. ശേഷം അല്ലാഹുവിന്റെ തഖ്ദീർ പ്രവർത്തിക്കുമ്പോൾ എല്ലാംതന്നെ ഉൻമൂലനം ചെയ്യപ്പെടുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (عليه السلام)ന്റെ ചില ഉദ്ധരണികൾ കേൾപ്പിക്കുകയാണ്. ഒരു ഭാഗത്ത് അദ്ദേഹം പറയുന്നു.

“അല്ലാഹു ഈ അഹങ്കാരികളായ മൗലവിമാരുടെ അഹങ്കാരം ഇല്ലാതാക്കുന്നതാണ്. അല്ലാഹു എന്തിനാണ് ദരിദ്രരെ സഹായിക്കുന്നത് എന്നവൻ കാണിച്ചുകൊടുക്കുന്നതാണ്. തെമ്മാടികളെ എരിയുന്ന അഗ്നിയിൽ ഇടുന്നു. ദുഷ്ടൻമാർ പറയുന്നത് തങ്ങൾ തങ്ങളുടെ കുതന്ത്രങ്ങൾകൊണ്ട് വിജയം വരിക്കുന്നതാണ്. സത്യത്തെ തങ്ങളുടെ ആസൂത്രണങ്ങൾകൊണ്ട് തുടച്ച് നീക്കുന്നതാണ്. എന്നാൽ അല്ലാഹുവിന്റെ ഖുദ്റത്തും ശക്തിയും അവനോട് പറയുന്നത് ധിക്കാരീ! എനിക്ക് മുമ്പാകെ പദ്ധതികൾ ആസൂത്രണം ചെയ്യാൻ നിന്നെ ആരാണ് പഠിപ്പിച്ചത്. ഗർഭപാത്രത്തിലുണ്ടായിരുന്ന നിന്ദ്യമായ ഒരുതുള്ളി മാത്രമല്ലായിരുന്നോ നീ. എന്റെ കാര്യങ്ങളെ മാറ്റിമറിക്കാനുള്ള കഴിവ് നിനക്കുണ്ടോ? ” പിന്നീട് അവിടുന്ന് വീണ്ടും പറയുന്നു. “അല്ലാഹുവിന്റെ സച്ചരിതരായ ആളുകളുടെ സത്യസന്ധതയും ആത്മാർത്ഥതയും അല്ലാഹുവിന്റെ സവിധത്തിൽ സ്വീകൃതമാകുമ്പോൾ, ഈ അന്ധരായ ലോകത്തിന് അത് ദർശിക്കുവാൻ സാധ്യമല്ല. അപ്പോൾ എല്ലാ മൗലവിമാരും എതിരാളികളും അവർക്കെതിരിൽ എഴുന്നേൽക്കുന്നു. യഥാർത്ഥത്തിൽ ഈ മത്സരം അവരോടല്ല മറിച്ച് അല്ലാഹുവിനോടാണ്. അപ്പോൾ ആരെയാണ് അല്ലാഹു ഒരു വലിയ ലക്ഷ്യത്തിനായി സൃഷ്ടിച്ചിരിക്കുന്നത്. അദ്ദേഹം മുഖേന അല്ലാഹു ആഗ്രഹിക്കുന്നത് ഒരു വലിയ വിപ്ലവം ലോകത്ത് നിലനാട്ടുവാനാണ്. അങ്ങിനെയുള്ള വ്യക്തിത്വത്തെ യാതൊരു വിലയുമില്ലാത്ത വിഡ്ഢികളും, ഭീരുക്കളും, നിന്ദ്യരുമായിട്ടുള്ള ആളുകൾക്കായി നശിപ്പിക്കപ്പെടുമോ? പറഞ്ഞു നദിയിൽ രണ്ട് കപ്പലുകൾ നേർക്കുനേർ വന്നാൽ, ഒന്നിൽ നീതിമാനായ, ആദരണീയനായ, പരോപകാരിയായ, സദ്ഹൃദയത്തിനുടമയായ കാലത്തിന്റെ ചക്രവർത്തിയാണ് തന്റെ പരിവാരത്തോടൊപ്പമുള്ളത്. മറ്റൊന്നിലാകട്ടെ ചില നിന്ദ്യരായ, അധമൻമാരാണ് യാത്ര ചെയ്യുന്നത്. ഇവിടെ ഒരു കപ്പലിനെ രക്ഷപ്പെടുത്താൻ രണ്ടാമത്തെ കപ്പലിനെ നശിപ്പിക്കേണ്ടതുണ്ട് എന്ന നിർണ്ണായക ഘട്ടമെത്തിയാൽ ഏത് പ്രവർത്തിയായിരിക്കും ഉചിതം എന്ന് പറഞ്ഞ്തരിക. ആ നീതിമാനായ ചക്രവർത്തിയുടെ കപ്പലായിരിക്കുമോ നശിപ്പിക്കപ്പെടുക അതല്ല നിന്ദ്യരായിട്ടുള്ള, അധമരായിട്ടുള്ളവരുടെ കപ്പലോ? ഞാൻ നിങ്ങളോട് സത്യം സത്യമായിപ്പറയുന്നു ചക്രവർത്തിയുടെ കപ്പൽ പൂർണ്ണ സഹായത്തോടെ രക്ഷപ്പെടുത്തുന്നതാണ്. നിന്ദ്യരും നികൃഷ്ഠരുമായിട്ടുള്ളവരുടെ കപ്പൽതന്നെയായിരിക്കും നശിപ്പിക്കപ്പെടുക. യാതൊരു പരിഗണനയും അർഹിക്കാത്തവിധം അവർ നശിപ്പിക്കപ്പെടുന്നതാണ്. അവർ നശിപ്പിക്കപ്പെടുന്നതിലായിരിക്കും സന്തോഷമുണ്ടാകുക. കാരണം ലോകത്തിന് നീതിമാനായ ചക്രവർത്തിയുടെ ആവശ്യകതയുണ്ട്. അദ്ദേഹത്തിന്റെ മരണം എന്നത് ഒരു ലോകത്തിന്റെതന്നെ മരണമാകുന്നു. ചില നിന്ദ്യരായ ആളുകൾ ചത്തൊടുങ്ങുന്നത് മുഖേന ലോകത്തിന് ഒന്നും സംഭവിക്കാനില്ല. അപ്പോൾ ഇത് തന്നെയാണ് അല്ലാഹുവിന്റെ സുന്നത്ത്. അവന്റെ പ്രവാചകൻമാർക്കെതിരിൽ എഴുന്നേറ്റ് നിൽക്കുന്നവർ, അവർ തങ്ങളെ എത്ര ഉത്തമരായി സ്വയം ഗണിക്കുന്നവരായാലും അവരെതന്നെയാണ് അല്ലാഹു നശിപ്പിക്കുക. അവരുടെ നാശത്തിന്റെ സമയം തന്നെയാണ് ആഗതമാകുക. കാരണം ഏതൊരുദ്ദേശ്യത്തിനായാണോ തന്റെ റസൂലിനെ അവൻ നിയോഗിച്ചിട്ടുള്ളത് ആ ലക്ഷ്യം നഷ്ടപ്പെടുവാൻ അവൻ ആഗ്രഹിക്കുന്നില്ല. അപ്രകാരം ചെയ്യുകയാണെങ്കിൽ പിന്നെ അവൻ സ്വയം തന്റെ ഉദ്ദേശ്യത്തിന്റെ ശത്രുവായിത്തീരും. പിന്നെ ഭൂമിയിൽ ആരാണ് അവനെ ആരാധിക്കുക. ലോകം ഭൂരിപക്ഷത്തെ നോക്കിക്കൊണ്ട് ഇവർ വലിയ വിഭാഗമാണെന്ന് ധരിക്കുന്നു. അതിനാൽ ഇവരാണ് നല്ലത് എന്നും ധരിക്കുന്നു. കാരണം ഭൂരിപക്ഷമായത്കൊണ്ട് ഇത്തന്നെയാണ് ശരി, പാമരൻമാർ കരുതുന്നത് ഇവർ ആയിരക്കണക്കിന്, ലക്ഷക്കണക്കിന് ആളുകൾ പള്ളികളിൽ ഒരുമിച്ചു കൂടുന്നു. ഇവർ മോശക്കാരാണോ? എന്നാൽ അല്ലാഹു ആധിക്യത്തിലേക്കല്ല നോക്കുന്നത്. അവൻ ഹൃദയത്തിലേക്ക് നോക്കുന്നു. ദൈവദാസരിൽ ആത്മാർത്ഥതയുടെയും കൂറിന്റെയും സത്യസന്ധതയുടെയും ഒരു പ്രത്യേക പ്രകാശമുണ്ടാകും. അത് വിവരിക്കുവാൻ കഴിയുമെങ്കിൽ ഞാൻ വിവരിച്ചേനേ. എന്നാൽ ഞാനതെങ്ങിനെ വിവരിക്കാനാണ്. ലോകം ഉണ്ടായ അന്ന് മുതൽ ഒരു റസൂലിനും നബിക്കും ഈ രഹസ്യം വിവരിക്കാൻ കഴിഞ്ഞിട്ടില്ല. ദൈവികദാസരുടെ ആത്മാവ് ഏത് രീതിയിലാണ് ദൈവികസവിധത്തിൽ വീഴുന്നതെന്നാൽ അതിന്റെ അവസ്ഥ വിവരിക്കുവാനുള്ള വാക്കുകൾ നമ്മുടെ പക്കലില്ല.

ചുരുക്കത്തിൽ എതിരാളികളുടെ ആയിരക്കണക്കിന് പരിശ്രമങ്ങൾ

അദ്ദേഹത്തിന്റെ മുമ്പോട്ടുള്ള ഗമനത്തിന് വിഘാതമാകാൻ കഴിഞ്ഞില്ല, കാരണം ഇവരുടെ എല്ലാ കുതന്ത്രങ്ങളും അല്ലാഹു അവരിലേക്ക് തന്നെ മടക്കിയിരുന്നു. ഇന്ന്വരെ ഈ ദൃശ്യം നാം കണ്ടുകൊണ്ടിരിക്കുന്നു. ഏത്വരെ നാം നമ്മുടെ ഈമാനിൽ സുദൃഢമായിരിക്കുന്നുവോ ജമാഅത്തീ പുരോഗതി നാം ദർശിച്ചുകൊണ്ടിരിക്കുന്നതാണ്. ***അല്ലാഹു നമുക്കിതിനുള്ള തൗഫീഖും നൽകി അനുഗ്രഹിക്കുമാറാകട്ടെ.***

മറ്റൊരു ഭാഗത്ത് അദ്ദേഹം പറയുന്നു. ''ഇത് അവരുടെ തെറ്റാണ്. തികച്ചും ദൗർഭാഗ്യതയാണ്, എന്റെ നാശം ആഗ്രഹിക്കുന്നു എന്നത്. യഥാർത്ഥ യജമാനൻ തന്റെ കരങ്ങൾകൊണ്ട് നടപ്പെട്ട വൃക്ഷമാണ് ഞാൻ. എന്നെ മുറിക്കാൻ ആഗ്രഹിക്കുന്നവൻ ഖാറൂൻ, യൂദാഇസ് കരിയോത്ത, അബൂജഹൽ എന്നിവരിൽ നിന്നും ഒരു ഭാഗം കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നു എന്നല്ലാതെ മറ്റൊന്നുമല്ല. പറഞ്ഞു. ജനങ്ങളെ ! അവസാന ഘട്ടംവരെ എന്നോട് കൂറ് കാണിക്കുന്ന കരങ്ങളാണ് എന്റെ കൂടെയുള്ളത് എന്ന് നന്നായി മനസ്സിലാക്കികൊള്ളുക. നിങ്ങളുടെ പുരുഷന്മാരും നിങ്ങളുടെ സ്ത്രീകളും നിങ്ങളുടെ യുവാക്കളും വൃദ്ധന്മാരും നിങ്ങളുടെ ചെറിയവരും നിങ്ങളുടെ വലിയവരും എല്ലാവരും ഒരുമിച്ച് ചേർന്ന് കൊണ്ട് എന്റെ നാശത്തിനായി പ്രാർത്ഥിക്കുക. ഏത്വരെയെന്നാൽ സുജൂദ് ചെയ്ത് ചെയ്ത് മൂക്ക് തേഞ്ഞ് പോയാലും കൈകൾ പ്രവർത്തനരഹിതമായിത്തീർന്നാലും അല്ലാഹു ഒരിക്കലും തന്നെ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. തന്റെ പ്രവർത്തനത്തെ പൂർത്തിയാക്കാതെയിരിക്കുന്നതുമല്ല. മനുഷ്യരിൽ ഒരാളും തന്നെ എന്നോടൊപ്പം അവശേഷിച്ചില്ലാ എങ്കിൽതന്നെ അല്ലാഹുവിന്റെ മലക്കുകൾ എന്നോടൊപ്പമുണ്ടാകുന്നതാണ്. നിങ്ങൾ സാക്ഷ്യം മറച്ച് വെച്ചാൽ കല്ലുകൾ സാക്ഷ്യം പറയുന്നതാണ്. ആയതിനാൽ നിങ്ങൾ നിങ്ങളോട് ദ്രോഹം പ്രവർത്തിക്കൊല്ലാ. വ്യാജന്മാരുടെ വേറെ വായയാണുള്ളത് സത്യാത്മാക്കളുടേത് വേറെയും. അല്ലാഹു ഒരു കാര്യത്തെയും തീരുമാനമാകാതെ വിട്ടുകളയുന്നില്ല. കളവോടും കറ്റുകെട്ടോടും കൂടിയുള്ള ജീവിതത്തിനും സൃഷ്ടികളെ ഭയന്ന്കൊണ്ട് യഥാർത്ഥ സൃഷ്ടാവിന്റെ നിർദ്ദേശങ്ങളിൽ നിന്നും മുഖം തിരിക്കുന്നതിലും ഞാൻ ലഅ്നത്ത് അയക്കുന്നു.''

പറഞ്ഞു. ''അല്ലയോ ലോകരെ, ഭൂമിയെയും ആകാശത്തെയും സൃഷ്ടിച്ച ദൈവത്തിന്റെ പ്രവചനമത്രെ ഇത്. അവൻ തന്റെ ഈ ജമാഅത്തിനെ എല്ലാ രാജ്യങ്ങളിലും പരത്തും. ദൃഷ്ടാന്തങ്ങളാലും ന്യായവാദങ്ങളാലും എല്ലാവരുടെയും മേൽ അവർക്ക് വിജയം നൽകും. ആ നാളുകൾ ഇതാവരുന്നു. അല്ലാ അത് വളരെ സമീപസ്ഥമായിരിക്കുന്നു. ബഹുമാനപൂർവ്വം സ്മരിക്കപ്പെടുന്ന ഒരേ ഒരു മതപ്രസ്ഥാനം ഇതുമാത്രമായിരിക്കും. അല്ലാഹു ഈ പ്രസ്ഥാനത്തിനു അത്യുന്നതമായ സ്ഥാനവും അനുഗ്രഹങ്ങളും നൽകും. ഇതിനെ നശിപ്പിക്കാൻ ആലോചിച്ചുകൊണ്ടിരിക്കുന്ന ഓരോരുത്തനെയും പരാജിതനും നിരാശനുമാക്കും. ഈ വിജയം ഖിയാമത്ത്വരെ നീണ്ട് നിൽക്കുന്നതായിരിക്കും. ഇപ്പോൾ എന്നെ പരിഹസിക്കുന്നുണ്ടെങ്കിൽ ഇത്മുഖേന എന്ത് നഷ്ടമുണ്ടാക്കാനാണ്. പരിഹസിക്കപ്പെടാത്ത ഒരു നബിയുമില്ല. അതിനാൽ മസീഹ് മൗഊദിനോടും ഇത്തരത്തിൽ തന്നെയാണ് അനുവർത്തിക്കേണ്ടിയിരുന്നത് അല്ലാഹു പറഞ്ഞത് പോലെ

يٰحَسْرَةً عَلَى الْعِبَادِ ۚ مَا يَأْتِيهِمْ مِّنْ رَّسُولٍ إِلَّا كَانُوا بِهِ يَسْتَهْزِءُوْنَ

അപ്പോൾ അല്ലാഹുവിന്റെ എല്ലാ നബിമാരെയും പരിഹസിക്കുന്നു എന്നത് അല്ലാഹുവിന്റെ പക്കൽ നിന്നുള്ള ഒരടയാളമാകുന്നു. എന്നാൽ എല്ലാവരുടെയും മുമ്പാകെ ആകാശത്ത് നിന്നിറങ്ങുന്ന ആൾ, മലക്കുകളും അദ്ദേഹത്തോടൊപ്പമുണ്ടെങ്കിൽ അദ്ദേഹത്തെ ആര് പരിഹസിക്കാനാണ്. അപ്പോൾ ഈ തെളിവിൽ നിന്നും ബുദ്ധിമാൻമാർക്ക് മനസ്സിലാക്കാൻ കഴിയുന്നതാണ്. ഈസാമസീഹിന്റെ ആകാശത്ത് നിന്നുള്ള ഇറക്കം അബദ്ധജഡിലമാണെന്ന്. ഓർമ്മ വെക്കുക ആരും ആകാശത്ത് നിന്നിറങ്ങുകയില്ല. ഇന്ന് ജീവിച്ചിരിക്കുന്ന എന്റെ വിരോധികളെല്ലാവരും തങ്ങളിൽ ആരും ഈസബ്നുമർയം ആകാശത്ത് നിന്നിറങ്ങുന്നതു കാണാതെ തന്നെ മരിച്ചൊടുങ്ങും. പിന്നെ ശേഷിക്കുന്ന അവരുടെ സന്തതികളും ഇബ്നു മർയം ആകാശത്ത് നിന്ന് ഇറങ്ങുന്നത് കാണാതെതന്നെ മരണമടയും പിന്നെ ആ സന്തതികളുടെ സന്തതികളും മരിച്ചുതീരും. എന്നാൽ അവരും മർയമിന്റെ പുത്രൻ ആകാശത്ത് നിന്ന് ഇറങ്ങുന്നത് കാണുകയില്ല. അപ്പോൾ ഈ വിശ്വാസവും പ്രതീക്ഷയും വെച്ചുകൊള്ളുന്നവരുടെ ഹൃദയത്തിൽ പരിഭ്രമം ജനിക്കുന്നു. കാരണം ആ കുരിശിന്റെ മേധാവിത്തകാലം കഴിഞ്ഞുപോകയും ലോകം ഒരു നവീനഘട്ടത്തിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ടായിരിക്കും. എന്നാലും മർയമിന്റെ പുത്രൻ ഈസാ عليه السلام അതുവരെയും ആകാശത്ത് നിന്ന് ഇറങ്ങിയിരിക്കുകയില്ല. തദവസരത്തിൽ ചിന്താശീലർ ഇത്തരം വിശ്വാസത്തെ പാടെ വെറുത്തുതുടങ്ങും. അങ്ങനെ ഇന്നുമുതൽ മൂന്ന് നൂറ്റാണ്ട് പൂർണ്ണമാകുന്നതിന് മുമ്പായി, ഈസായെ കാത്തിരിക്കുന്നവർ മുസ്‌ലിംകളാകട്ടെ, ക്രിസ്ത്യാനികളാകട്ടെ എല്ലാവരും അദ്ദേഹത്തിന്റെ വരവിനെക്കുറിച്ച് നിരാശപ്പെടുകയും തീരെ മനംമടുത്ത് ഈ മിഥ്യാവിശ്വാസത്തെ പരിത്യജിക്കുകയും ചെയ്യും. പിന്നെ ലോകത്ത് ഒരേ മതവും ഒരേ നേതാവും മാത്രമായിരിക്കും. ഞാൻ ഒരു ബീജാവാപം ചെയ്യുന്നതിനായിട്ടു വന്നിരിക്കുന്നു. അത് ഇനി വളർന്നുവരികയും യഥാകാലം പൂക്കുകയും കായ്ക്കുകയും ചെയ്യും ഇതിനെ തടയാൻ ആരാലും സാധ്യമല്ല.

ചുരുക്കത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ വചനത്തിന്റെ സത്യത നാം കണ്ട്കൊണ്ടിരിക്കുന്നു. അദ്ദേഹത്തോടൊപ്പമുള്ള അല്ലാഹുവിന്റെ സഹായഹസ്തവും നാം കണ്ട്കൊണ്ടിരിക്കുന്നു. ഇന്ന് അല്ലാഹു അവന്റെ വാഗ്ദാനപ്രകാരം ഏഷ്യൻ രാജ്യങ്ങളിലും ദ്വീപ സമൂഹങ്ങളിലും യൂറോപ്പിലും ആഫ്രിക്കയിലെ പച്ചളിപ്പുള്ള പ്രദേശങ്ങളിലും മരുഭൂമികളിലെ വിദൂരദേശങ്ങളിലും അഹ്മദിയ്യത്തിനെ വളരെ ശക്തിയുക്തം വ്യാപിപ്പിച്ചു എന്ന് മാത്രമല്ല മഹത്തരമായ നിലയിൽ വ്യാപിച്ചുകൊണ്ടേ പോകുന്നു. അഹ്മദികളുടെ ഓരോ ത്യാഗങ്ങളും പുതിയ പുതിയ ലക്ഷ്യങ്ങൾ പ്രാപിക്കാൻ നമ്മെ പ്രാപ്തരാക്കിക്കൊണ്ടിരിക്കുന്നു. ആയതിനാൽ അല്ലാഹുവിന്റെ ഈ അനുഗ്രഹങ്ങളിൽ ഭാഗവാക്കാകാൻ നമ്മുടെ ഈമാനെ സുദൃഢമാക്കുകയും ആദ്യത്തെക്കാളുപരി നാം ദുആയിലേക്ക് ശ്രദ്ധയൂന്നുകയും ചെയ്യേണ്ടതുണ്ട്. ലോകത്തിന്റെ അവസ്ഥകൾ ഏത് വേഗതയിലാണ് മാറിമറിഞ്ഞ്കൊണ്ടിരിക്കുന്നത്. إِنْ شَاءَ اللّٰهُ ഇതെല്ലാം അഹ്മദിയ്യത്തിനായി മഹത്തരമായ ദൃശ്യങ്ങൾ പ്രകടമാക്കുന്നതിന് കാരണമായിത്തീരും. ഇതിനായി ഒരുപാട് ദുആയുടെ, തങ്ങളുടെ അവസ്ഥകളിലേക്ക് ദൃഷ്ടി പായിക്കേണ്ട ആവശ്യകതയുണ്ട്. ആയതിനാൽ പ്രത്യേകമായി, പ്രത്യേകമായി, ദുആയിലേക്ക്, ദുആയിലേക്ക് ഈ ദിനങ്ങളിൽ ശ്രദ്ധയൂന്നുക. ***അല്ലാഹു നമ്മുടെ ബലഹീനതകൾക്ക് മറയിടട്ടെ. ഈ ദൃശ്യങ്ങൾ കാണുന്നതിന് നമ്മുടെ പോരായ്മകൾ തടസ്സമാകാതിരിക്കട്ടെ.***

ഇനി ഒരു ദുഃഖകരമായ അറിയിപ്പുണ്ട് നമസ്ക്കാരത്തിന് ശേഷം ജനാസ ഗായിബും നമസ്ക്കരിക്കുന്നതാണ്. ഇമാം ഇദ്‌രീസ് എന്നറിയപ്പെട്ടിരുന്ന കാരി മർസൂഖ് സാഹിബ് മൊറോക്കൊയുടേതാണ്. കഴിഞ്ഞ ദിവസം 75-ാംവയസ്സിൽ ഇദ്ദേഹം വഫാത്തായി. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْنَ 2002 ലാണ് ഇദ്ദേഹം ബൈഅത്ത് ചെയ്തത്. അമീർ സാഹിബ് എഴുതുന്നു. ''ഞങ്ങളുടെ തബ്‌ലീഗ് സംഘം അവിടെ പോകുമായിരുന്നു. പ്രത്യേക തബ്‌ലീഗ് ചർച്ചകൾ നടക്കുമായിരുന്നു. ഇദ്ദേഹം ഇമാമായിരുന്നു വലിയ വിജ്ഞാനത്തിനുടമയുമായിരുന്നു.'' ഞാനും അദ്ദേഹത്തെ

കണ്ടിട്ടുണ്ട്. ഇദ്ദേഹം രക്ഷപ്പെടുന്നതിനുള്ള എന്തെങ്കിലും മാർഗം കണ്ടെത്തുമായിരുന്നു. ഉലമാക്കൾ കാര്യം അംഗീകരിക്കാതിരിക്കാൻ വാശി പിടിക്കുന്നത്പോലെ. പറയുന്നു. ഇത്തരത്തിൽ ഒരു വേദിയായിരുന്നു. ജനറൽ സെക്രട്ടറി സാഹിബ് പറഞ്ഞു. ''ഇദ്ദേഹത്തോട് എന്ത് സംസാരിക്കാനാണ്. വെറും കല്ലിനോട് തലയിട്ടടിക്കുന്നതിന് സമാനമാണ്. ഇദ്ദേഹത്തെ വിട്ടൊഴിയുക. പറയുന്നു. ''ഈ സന്ദർഭത്തിൽ എഴുന്നേറ്റ് കൊണ്ട് ഞാനദ്ദേഹത്തിന് ഇഅ്ജാസുൽ മസീഹ് എന്ന ഗ്രന്ഥം നൽകിക്കൊണ്ട് പറഞ്ഞു. ഇതൊന്ന് വായിച്ചുനോക്കുക. കുറച്ച് ദിവസത്തിന് ശേഷം അദ്ദേഹം വന്ന്കൊണ്ട് തന്റെ ബൈഅത്ത് വാങ്ങാൻ ആവശ്യപ്പെട്ടു. അങ്ങിനെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ബൈഅത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിച്ചു. തന്റെ കുടുംബത്തിൽ ഏകനായ അഹ്മദിയ്യായിരുന്നു. ബൈഅത്ത് ചെയ്യുന്നതിന് മുമ്പ് ഫ്രാൻസിൽ പണ്ഢിത സഭയുടെ സ്ഥിരാംഗമായിരുന്നു. മസ്ജിദിൽ ഖുത്തുബയും നൽകിക്കൊണ്ടിരുന്നു. മുഴുവൻ ഇമാമീങ്ങളും ഇദ്ദേഹത്തിന്റെ സത്യസന്ധതയേയും കഴിവിനേയും പ്രകീർത്തിച്ചിരുന്നു. എന്നാൽ ഇദ്ദേഹം അഹ്മദിയായ വിവരം അറിഞ്ഞപ്പോൾ എതിർപ്പുകൾ തുടങ്ങി. അങ്ങനെ അദ്ദേഹം സ്വയംതന്നെ ഇമാമത്തിന്റെ സ്ഥാനത്ത് നിന്നും വിരമിച്ചു.'' 2003 ൽ ഫ്രാൻസിലെ ജൽസയിലാണ് ഞാനദ്ദേഹത്തെ ആദ്യമായി കാണുന്നത്. കഴിഞ്ഞ വർഷം ഞാൻ ഫ്രാൻസിൽ പോയപ്പോൾ ഇദ്ദേഹം വളരെ ക്ഷീണിതനായിരുന്നു. രോഗം മൂർച്ഛിച്ചിരുന്നു. സ്ട്രാഫോർഡിലും ഞാൻ പോയിരുന്നു. അദ്ദേഹം അവിടേക്കെത്തിച്ചേർന്നു. അമീർ സാഹിബിനോട് പറഞ്ഞു. താങ്കൾ എപ്പോഴും പറയാറുണ്ടല്ലോ ഖലീഫത്തുൽ മസീഹുമായുള്ള മുലാഖാത്തിനായി ലണ്ടനിൽ പോകാം എന്ന്. എന്നാൽ ഡോക്ടർമാർ അനുമതി നൽകാറില്ലായിരുന്നു. എനിക്ക് പ്രയാസവും അധികമായിരുന്നു. എന്നാൽ നോക്കുക അല്ലാഹു എന്ത് സംവിധാനമാണ് ഒരുക്കിയിരിക്കുന്നത്. ഖലീഫത്തുൽ മസീഹ് സ്വയം എന്റെ അടുക്കൽ എത്തിയിരിക്കുന്നു. ഖിലാഫത്തിനോട് അദ്ദേഹത്തിന് അതിരറ്റ സ്നേഹമായിരുന്നു. വിശുദ്ധ ഖുർആൻ സ്വന്തം കൈപ്പടയിൽ എഴുതിക്കൊണ്ടിരിക്കുകയായിരുന്നു. ഞാനവിടെ പോയപ്പോൾ എന്നോടും പറഞ്ഞിരുന്നു. ഞാൻ ഇതെഴുതിക്കഴിയുമ്പോൾ അങ്ങേക്ക് ഉപഹാരമായി സമർപ്പിക്കുന്നതാണ്. നല്ല എഴുത്തായിരുന്നു. മരണസമയത്തും തലക്കൽ വിശുദ്ധ ഖുർആനും ജൂബിലി സോവനീറും ഉണ്ടായിരുന്നു. ആമില മീറ്റിംങ്ങിനായി പൊതുവെ തന്റെ ഭവനം സമർപ്പിച്ചിരുന്നു. അവിടെ പള്ളിക്കായി ചന്ദയുടെ ആഹ്വാനമുണ്ടായപ്പോൾ തന്റെ കൈവശമുണ്ടായിരുന്ന സർവ്വവും അദ്ദേഹം സമർപ്പിക്കുകയുണ്ടായി. *അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്ത് നൽകുമാറാകട്ടെ. തന്റെ തൃപ്തിയുടെ സ്വർഗ്ഗത്തിൽ ഉന്നതസ്ഥാനം പ്രദാനം ചെയ്യുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കളും കുടുംബക്കാരും അഹ്മദികളല്ല അവരുടെ മനസ്സുകൾ തുറക്കപ്പെടുകയും അഹ്മദിയ്യത്ത് സ്വീകരിക്കുവാനുള്ള തൗഫീഖും അല്ലാഹു നൽകുമാറാകട്ടെ.*

**HADHRAT MIRZA MASROOR AHMAD**
KHALIFATUL MASIH - V
on 04- 03- 2011 at London

വിവർത്തനം
**പി.കെ. മുഹമ്മദ് ശരീഫ് സാഹിബ്**
മുബല്ലിഗ് എറണാകുളം, **PHONE : 9946725303**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by: **Majlis Khuddamul Ahmadiyya, North Kerala**